ചെമ്മൂര് ഡിസ്പെൻസറി കെട്ടിടം.

328. [6] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുംകടവിള വില്ലേജിലുള്ള ചെമ്മൂര് ഡിസ്പെൻസറി കെട്ടിടത്തിന്റെ അപകടകരമായ നിലയെക്കുറിച്ചും, ആ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്റെ അപര്യാപ്തതയെക്കുറിച്ചും ഗവണ്മെൻറിന് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എന്തു നടപടി സ്വീകരിച്ചു;

(സി) അവിടെ ഉടനടി ഒരു മിഡ്വൈഫിനെ നിയമിക്കാൻ ഗവണ്മെൻറ് തയാറാകുമോ ?

ഉത്തരം.

(എ) നിവേദനങ്ങൾ മുഖേനയും, മുൻമന്ത്രി സ്ഥലം സന്ദർശിച്ച അവസരത്തിലും ടി സംഗതിയെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ടി. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളെല്ലാം ചെയ്തു തീർത്തിട്ടുണ്ട്.

(സി) ചെമ്മൂർ ഡിസ്പെൻസറിയെപ്പോലുള്ള ടെമ്പററിമലേറിയാ ഡിസ്പെൻസറികളിൽ സാധാരണ മിഡ്വൈഫ് ഉണ്ടായിരിക്കുന്നതല്ല. പ്രസ്തുത ഡിസ്പെൻസറിയിൽ ഒരു മിഡ്വൈഫിനെ നിയമിക്കാനുള്ള സാദ്ധ്യതയെക്കുറിച്ച് ബഡ്ജറ്റ് പാസായതിനുശേഷം ആലോചിക്കാവുന്നതാണ്.

തോട്ടവെട്ട്.

329. [7] എം. എം. മത്തായി : താഴെ കാണുന്ന ചോദ്യത്തിനു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവല്ലാ താലൂക്കിന്റെ കിഴക്കൻ പ്രദേശങ്ങളിൽപ്പെട്ട 2000 ഏക്കറോളം വരുന്ന നെൽകൃഷിപാടങ്ങളിലെ നെൽകൃഷിയുടെ രക്ഷയ്ക്ക് ആവശ്യമായ പനയമ്പാലം തോട്ടവെട്ടുന്നതിന് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) ആദ്യത്തെ നിവേദനം ഗവണ്മെൻറിനു ലഭിച്ചതു് ഏതാണ്ടിലാണ്;

(സി) തോട്ടവെട്ട സംബന്ധിച്ച് വല്ല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം;

(ഇ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ തോട്ടവെട്ട് ഉൾപ്പെടുത്താൻ വല്ല നിർദ്ദേശവും ഉണ്ടോ ?

ഉത്തരം.

(എ) മൂന്നു വേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) 1947-ൽ.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ടും ഉദ്ദേശഅടങ്കലും മാപ്പും തയാറാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly